**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1673** | **08-10-2021 - ൽ മറുപടിയ്ക്ക്**

**മുക്കം ഗവൺമെന്റ് പോളിടെക്നിക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | **Dr. R. Bindu**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | തിരുവമ്പാടി മണ്ഡലത്തിലെ മുക്കം ഗവൺമെന്റ് പോളിടെക്നിക്ക് ആരംഭിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടത് എന്ന് വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിലെ മുക്കം എന്ന സ്ഥലത്ത് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിൽ പോളിടെക്നിക്ക് സ്ഥാപിക്കുന്നതിലേക്കായി മുൻപ് വനഭൂമി ആയിരുന്ന 4 ഏക്കർ സ്ഥലം നിശ്ചയിച്ചിട്ടുണ്ട്. ടി വനഭൂമി തരം മാറ്റി പോളിടെക്നിക്കിൻെറ ഉടമസ്ഥതയിൽ ആക്കുന്നതിനുള്ള തുടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | തദ്ദേശഭരണസ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ താത്കാലിക സംവിധാനമൊരുക്കി ക്ലാസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | പോളിടെക്നിക്ക് നിർമ്മാണത്തിന് കണ്ടെത്തിയ 4 ഏക്കർ സ്ഥലം സ്ഥാപനത്തിൻെറ പേരിൽ ലഭ്യമായാൽ ഒന്നാം വർഷ ക്ലാസ്സുകൾ തുടങ്ങുന്നതിനുള്ള എല്ലാ ഭൗതീക സാഹചര്യങ്ങളും ഒരുക്കി എ.ഐ.സി.ടി.ഇ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ക്ലാസ്സുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കാൻ കഴിയും സ്വന്തം കെട്ടിടമുൾപ്പെടുയുള്ള ഭൗതീക സാഹചര്യങ്ങളും എ.ഐ.സി.ടി.ഇ നിഷ്കർഷിക്കുന്ന വിസ്തീർണ്ണത്തിൽ സ്വന്തം സ്ഥലവും എ.ഐ.സി.ടി.ഇ അംഗീകാരത്തിന് നിർബന്ധമായതിനാൽ താല്കാലിക സംവിധാനം ഉപയോഗിച്ച് സ്ഥാപനം നടത്താനാവില്ല. |

സെക്ഷൻ ഓഫീസർ